# ACADEMIC MASTER PLAN
# 2025-26

## GOVT. LP  SCHOOL KATTAMPACK

## സ്കൂൾ വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | : ഗവ. എൽ പി സ്കൂൾ കാട്ടാമ്പാക്ക് |
| സ്കൂൾ കോഡ് | : 45327 |
| പിൻ കോഡ് | : 686612 |
| ഫോൺ നമ്പർ | : 04829-264210 |
| വാർഡ് നമ്പർ | : 9 |
| വിദ്യാഭ്യാസ ഉപജില്ല | : കുറവിലങ്ങാട് |
| ബി. ആർ. സി | : കുറവിലങ്ങാട് |
| സി. ആർ. സി | : ഗവ. യു. പി എസ് കാട്ടാമ്പാക്ക് |
| പഞ്ചായത്ത് | : ഞീഴൂർ |
| ബ്ലോക്ക് | : കടുത്തുരുത്തി |
| ജില്ല | : കോട്ടയം |
| ഇ -മെയിൽ | :govtlpschoolkattampack@gmail.com |
| പ്രധാന അധ്യാപികയുടെ പേര് | : സോയി മാത്യു |
| മൊബൈൽ നമ്പർ | : 9496413065 |

# ആമുഖം

1909 ൽ ശ്രീ മൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ കാലഘട്ടത്തിൽ സ്ഥാപിതമായ വിദ്യാലയമാണ് കാട്ടാമ്പാക്ക് ഗവ. എൽ പി സ്കൂൾ . കൃഷിയെ മാത്രം ഉപജീവനമാക്കിയ കർഷകരും, കർഷകത്തൊഴിലാളികളും ജീവിച്ചിരുന്ന ഗ്രാമമായിരുന്നു കാട്ടാമ്പാക്ക് . ഗ്രാമീണരായ ഈ ജനതയ്ക്ക് അക്ഷരാ ഭ്യാസം നൽകുന്നതിന് സ്ഥാപിതമായ ഒരു സരസ്വതീക്ഷേത്രമായിരുന്നു ഇത്. പരേതനായ ഞറളക്കുഴിയിൽ ഗോവിന്ദപ്പിള്ള സാറിന്റെ ദീർഘവീക്ഷണത്തിന്റേയും പരിശ്രമത്തിന്റേയും ഫലമായിട്ടാണ് അദ്ദേഹത്തിന്റെ സ്ഥലത്ത് ഈ സരസ്വതി ക്ഷേത്രം പ്രവർത്തനമാരംഭിച്ചത്. .1 മുതൽ 4 വരെ രണ്ട് ഡിവിഷനുകളിലായി ധാരാളം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു.സ്കൂൾ തികച്ചും ശാന്തമായ ഗ്രാമീണ അന്തരീക്ഷത്തിലാണ് സ്ഥിതി ചെയ്യുന്നത്.

സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്നവരാണ് കുട്ടികളിലേറെയും. നമ്മുടെ ഈ ഗ്രാമത്തിനു പുറമെ അയൽ ഗ്രാമങ്ങളിൽ നിന്നും കുട്ടികൾ ഈ വിദ്യാല യത്തിലെത്തി പഠനം നടത്തിയിരുന്നു. ഇന്നു നാം കാണുന്ന ഈ പഴയകെട്ടിടത്തിന് പുറമെ നിരവധി താൽക്കാലിക കെട്ടിടങ്ങളുണ്ടാക്കി അവിടെയായിരുന്നു ക്ലാസ്സുകൾ നടത്തിയിരുന്നത്. വർഷങ്ങൾക്കു ശേഷം സമീപപ്രദേശങ്ങളിൽ പുതിയ വിദ്യാലയങ്ങൾ സ്ഥാപിതമായതോടെ തൊട്ടടു ത്തുള്ള പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളുടെ എണ്ണത്തിൽ കുറവുവരാൻ തുടങ്ങി. എന്നാൽ കഴിഞ്ഞ 3 വർഷമായി നടത്തിയ കഠിന പരിശ്രമങ്ങളുടെ ഫലമായി കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൊഴിഞ്ഞു പോക്ക് പരാമവധി ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു എന്നിരുന്നാലും കൊഴിഞ്ഞു പോകുന്നരെല്ലാം കുടുംബ പ്രശ്നങ്ങൾ മൂലമാണെന്നതാണ് വാസ്തവം

ആയിരത്തിലധികം പുസ്തകങ്ങളുള്ള സ്കൂൾ ലൈബ്രറി തനതു കെട്ടിടമില്ലെങ്കിൽ പോലും സജീവമായി പ്രവർത്തിപ്പിക്കുന്നുണ്ട്. ഉന്നത നിലയിൽ എത്തിയ പല മഹദ് വ്യക്തികളുടേയും ആദ്യപാഠം തുടങ്ങിയത് ഇവിടെ നിന്നാണ്. വിശാലമായ കളി മുറ്റവും കുട്ടികൾക്കായുള്ള പാർക്കും പ്രകൃതിയോടൊത്തിണങ്ങിയ അന്തരീക്ഷവും ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്.2010 ൽ ബഹുമാനപ്പെട്ട മോൻസ് ജോസഫ് എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച കംപ്യൂട്ടർ മുറിയും സ്കൂളിന് സ്വന്തമായുണ്ട്.

ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെ ടുത്തുന്നതിലും ആധുനീക സൗകര്യങ്ങൾ ഒരുക്കുന്നതിലും നമുക്ക് ഏറെമുന്നോട്ട് പോകേണ്ടതുണ്ട്. ലഭ്യമായ സൗകര്യങ്ങൾ പരമാവധി ഉപ യോഗപ്പെടുത്തിയും യും പൊതുസമൂഹ ത്തിന്റെ പിന്തുണയോടെയും സമഗ്ര ഗുണമേന്മാവിദ്യാലയം എന്ന കാഴ്ചപ്പാട് നടപ്പി ലാക്കാൻ നമുക്ക് സാധിക്കും

ആധുനിക സമൂഹം ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങളോടുംകൂടി വിദ്യാല യത്തെ ഹൈടെക്ക് ആക്കി മാറ്റേണ്ടതുണ്ട്. അക്കാദമിക മികവ് ഉറപ്പാക്കുന്നതിലൂടെ മാത്രമേ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കാൻ സാധിക്കൂ. ഭൗതികസാ ഹചര്യങ്ങളുടെ മികവും, വിദ്യാലയങ്ങളിലുള്ള പൊതുസമൂഹത്തിന്റെ ഇടപെടലുകളു മെല്ലാം അക്കാദമിക മികവ് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിന് കരുത്തേകിക്കൊണ്ടി രിക്കുകയാണ്.

ഭൗതികസാഹചര്യത്തിന്റെ പോരായ്മകൾ പരിഹരിച്ചും അക്കാദമിക രംഗങ്ങൾ കൂടുതൽ മികവുറ്റതാക്കിയും ഈ സരസ്വതിക്ഷേത്രത്തെ സമൂഹത്തിലെ നാനാമേഖ ലകളിലുള്ള എല്ലാവരുടെയും പിന്തുണയോടെ സർവ്വതോന്മുഖമായ പുരോഗതിക്കായ് നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

# പൊതു ലക്ഷ്യങ്ങൾ

1. ഓരോ കുട്ടികൾക്കും ഗുണമേന്മാ വിദ്യാഭ്യാസം ലഭിക്കുന്നവിധം അക്കാദമിക പ്രവർത്തനങ്ങൾ ക്രമീകരിക്കുക.

2. പൊതുസമൂഹത്തിന്റെ നിരന്തരശ്രദ്ധ വിദ്യാലയത്തിൽ ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുക

3. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പൊതു ലക്ഷ്യങ്ങൾക്കനുസൃത മായി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മികവ് നേടുക.

4. പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും പ്രവേശനം വിദ്യാലയത്തിൽ ഉറപ്പാക്കൽ, അതിനുതകുംവിധം ഭൗതിക, അക്കാദമിക മികവുകൾ സജ്ജമാക്കൽ

5. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക

6. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിച്ച് ഉയർന്ന മേഖലകളിൽ ശ്രദ്ധേയരായ പൗരന്മാരായി വളർത്തുക

# അവസ്ഥാവിശകലനം

1 എൻറോൾമെന്റ്

2025-26 അദ്ധ്യയന വർഷം 8 ആൺകുട്ടികളും 9 പെൺ കുട്ടികളുമടക്കം 17 കുട്ടികളാണ് പ്രൈമറിയിൽ ഉള്ളത്. പ്രീ-പ്രൈമറിയിൽ 9 കുട്ടികളാണുള്ളത് 2024-25 അദ്ധ്യയന വർഷം പ്രൈമറിയിൽ 12 കുട്ടികളായിരുന്നു പ്രൈമറിയിൽ. ഓരോ വർഷവും കുട്ടികളുടെ എണ്ണം വർധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.. വിദ്യാലയ മികവുകൾ പൊതു സമൂഹം തിരിച്ചറി യുന്നതിന്റെ പ്രതിഫലനമാണ് പ്രവേശനത്തിലുണ്ടാകുന്ന ഈ മാറ്റം. കുടുംബപ്രശ്നങ്ങളാൽ  രക്ഷിതാക്കൾ സ്ഥലം മാറി പോകുന്നത് മൂലമുള്ള കൊഴിഞ്ഞുപോക്ക് പതിവായി വന്നിരിക്കുന്നു. കൊഴിഞ്ഞു പോക്ക് പരാമവധി ഒഴിവാക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു .

2. അദ്ധ്യാപകർ, സ്റ്റാഫ്

നിലവിൽ വിദ്യാലയത്തിൽ 4 സ്ഥിര അദ്ധ്യാപകരും ഒരു പാർട്ട് ടൈം മീനിയലും ഉൾപ്പെടെ 5 ജീവനക്കാർ സ്കൂളിൽ ഉണ്ട്. താത്കാലികമായി ഒരു പ്രീ പ്രൈമറി അധ്യാപികയും  ജോലി ചെയ്യുന്നു. പാചകത്തൊഴിലാളി ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഹെഡ്മാസ്റ്ററുടെ നേതൃ ത്വത്തിൽ സഹാധ്യാപകർ അക്കാദമികരംഗത്തും പാഠ്യേതരപ്രവർത്തനങ്ങളിലും മികച്ച രീതിയിൽ പ്രവർത്തിച്ച് കുട്ടികൾക്ക് പരിശീലനം നൽകുന്നു.   രക്ഷിതാക്കളുമായി സജീവമായ ബന്ധം കാത്തുസൂക്ഷിക്കാൻ കഴിയുന്നുണ്ട് ഇത് സ്കൂളിന്റെ പുരോഗതിക്ക് സഹായിക്കുന്നു.

3. വിദ്യാലയം - പൊതുവിശകലനം

വിദ്യാലയത്തിലെ കുട്ടികളിൽ ഭൂരിഭാഗവും സാമ്പത്തികമായി നല്ലനിലവാരം പുലർത്തുന്നവരല്ല. കാർഷികമേഖല, കൺസ്ട്രക്ഷൻ മേഖല എന്നിവയിലാണ് കൂടു തൽ

രക്ഷിതാക്കളും. വിദ്യാലയപ്രവർത്തനങ്ങളിൽ ഭൂരിഭാഗം രക്ഷിതാക്കളും തൽപ്പര രാണ്. വിദ്യാലയവുമായി ഏതവസരത്തിലും ബന്ധപ്പെടാനും പ്രശ്നങ്ങൾ ചർച്ചചെയ്യാനുമുള്ള അവസരം ഉണ്ട്. രക്ഷിതാക്കൾ ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ വിദ്യാലയവും രക്ഷിതാക്കളും തമ്മിൽ നല്ല ഹൃദയബന്ധം കാത്തു സൂക്ഷിക്കാൻ സാധിക്കുന്നു.

നിലവിലെ നേട്ടങ്ങൾ

നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ഓരോ വർഷവും ഒരുപാട് നേട്ടങ്ങൾ കൊയ്യാൻ സാധിച്ചിട്ടുണ്ട്. അവസാനമായി നടന്ന LSS പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കാൻ നമ്മുടെ വിദ്യാർഥി ധനഞ്ജയ്ക്ക് കഴിഞ്ഞു. ശാസ്ത്ര  മേളകളിലെ പ്രകടനം, കലോത്സവങ്ങളിലെ മികവ്, എന്നിവ എടുത്തുപറയേണ്ടവയാണ്. പഞ്ചായത്ത് തല, സബ്ജില്ലാതല മേളകളിൽ വിദ്യാർത്ഥികൾ സമ്മാനാർഹരായിട്ടുണ്ട്. ലൈബ്രറി പുസ്തകവിത രണം കാര്യക്ഷമമായി നടപ്പാക്കിയിട്ടുണ്ട്. സർക്കാരിൽ നിന്നും ലഭിക്കേണ്ട വിവിധ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കാറുണ്ട്.

പോരായ്മകൾ

ഭൗതികസൗകര്യങ്ങളിൽ ഏറെപരി മിതികൾ അനുഭവിക്കുന്നു. സ്കൂൾ കെട്ടിടം വർഷങ്ങൾ പഴക്കമുള്ളതാണ് ക്ലാസ്റൂമുകൾ കൂടുതൽ ആകർഷകമാക്കണം. ഇരിപ്പിട ങ്ങൾ കൂടുതൽ വേണം. . കളിസ്ഥലം ആവശ്യമാണ്. ഭക്ഷണം ഇരുന്നു കഴിക്കാനുള്ള സൗകര്യം, മീറ്റിംഗ് ഹാൾ എന്നിവ സജ്ജീകരിക്കേണ്ടതുണ്ട്. കുട്ടികളുടെ പാർക്കിന്റെ അവസ്ഥ മോശമാണ് അത് നവീകരിക്കേണ്ടതായിട്ടുണ്ട്. സ്കൂൾ പ്രീ പ്രൈമറിക്ക് സർക്കാർ അംഗീകാരവും ആനുകൂല്യങ്ങളും ലഭ്യമാകാത്തതിന്റെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട് .

## ഭൗതീകാന്തരീക്ഷം

| Items | Available | Needed |
|---|---|---|
| School hall | 1 | - |
| Auditorium | - | 1 |
| Office room | 1 | - |
| Computer room | 1 | |
| Kitchen | 1 | |
| Store room | | 1 |
| Firewood shed | 1 | |
| Compound wall | 1 | To be renewed |
| Play ground | | 1 |
| Toilet | 5 | |
| Ramp rail | 1 | |
| Electrification | Full | |
| Tap | 8 | |
| Adapted toilet | 1 | |
| Car shed | | 1 |
| Dining hall | | 1 |
| Library reading room | | 1 |
| Pre-primary class room | 1 | 1 |
| Kids park | 1 | To be renewed |
| Bio-diversity park | | 1 |
| Vegetable garden | | 1 |

ഭൗതികാന്തരീക്ഷം - വിശകലനം

1. ക്ലാസ്മുറി
ICT ഉപകരണങ്ങൾ ഉണ്ടെങ്കിലും അവ ഘടിപ്പിച്ചു സ്മാർട്ട് ക്ലാസ്സ്റൂം ആക്കുന്നതിനുള്ള പരിമിതി പഴയ സ്കൂൾ കെട്ടിടത്തിനുണ്ട്. അതുകൊണ്ട് ഒരു സ്മാർട്ട് ക്ലാസ്റൂമും ഉൾപ്പെടുന്ന പുതിയകെട്ടിടം നിർമ്മിക്കേണ്ടെ തായിട്ടുണ്ട്.

2 ചുറ്റുമതിൽ

സ്കൂൾ കോമ്പൗണ്ട് ചുറ്റുമതിൽകെട്ടി വേർതിരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ചുറ്റുമതിൽ പെയിന്റ് ചെയ്ത്  ആകർഷകമായ ചിത്രങ്ങൾ വരച്ച് മനോഹരമാക്കേണ്ടെതുണ്ട്.

3 കളിസ്ഥലം

കുട്ടികൾ കളിക്കുന്നതിനായി സ്കൂൾ ഗ്രൗണ്ട് നിലവിൽ ഇല്ല പകരം സ്കൂൾ മുറ്റത്താണ് കളിക്കുന്നത് . കളികൾക്കും കായിക പരിശീലനത്തിനും സ്കൂൾ ഗ്രൗണ്ട് അത്യാവശ്യമായി നിർമ്മിക്കേണ്ടെതുണ്ട്.

4 ഹരിത വിദ്യാലയം

സ്കൂൾ ആകർഷകമാക്കുന്നതിനും ജൈവകൃഷിയിൽ താൽപ്പര്യം വളർത്തുന്ന തിനുമായി ചെടികളും, പച്ചക്കറികളും നടാറുണ്ട്. സ്കൂൾ ജൈവ പച്ചക്കറി കൃഷി പൊതുജനപങ്കാളിത്തത്തോടെ കുറച്ചുകൂടി ഭംഗിയാക്കേണ്ടെ തുണ്ട്.

5 ചിൽഡ്രൺസ് പാർക്ക്
നിലവിലുള്ള പാർക്ക് മോശമായ അവസ്ഥയിലാണ്. അത് പുതുക്കി പണിയാമെന്നും പാർക്ക് ഫ്ലോർ ടൈൽ ഇട്ട് ഭംഗിയാക്കാമെന്നും

പഞ്ചായത്തിൽ നിന്നും ഉറപ്പ് ലഭിച്ചിട്ടുണ്ട്. എന്നാൽ തുടർ നടപടികൾ മന്ദഗതിയിലാണ് നീങ്ങുന്നത്.

6 ജൈവ വൈവിധ്യ ഉദ്യാനം

പ്രകൃതിയിൽ നിന്നുള്ള പഠനം എന്ന ആശയത്തിലൂന്നി ജൈവ വൈവിധ്യ ഉദ്യാനം പൊതുജനപങ്കാളിത്തത്തോടെ നിർമ്മിച്ചെടുക്കേണ്ടതായിട്ടുണ്ട്.

## IT RELATED

| | |
|---|---|
| Computer desktop | - Nil |
| Laptop | - 4 |
| Projector | - 2 |
| Internet | - Nil |
| Blog | - Nil |
| website | - |
| Email id | - govtlpschoolkattampack@gmail.com |
| HM's email id | - soimathew17@gmail.com |

## 6. അനുബന്ധ സംവിധാനങ്ങൾ

### 1. എസ്.ആർ.ജി

സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്തലത്തിൽ പഠനപ്രവർത്തനങ്ങൾ ഓരോ ആഴ്ച യിലും ചർച്ച ചെയ്ത് ആസൂത്രണം നടത്തിവരുന്നു. ഭാഷാപഠനത്തിനാവശ്യമായ പഠന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരാറുണ്ട്.

### 2. പി.ടി.എ.

എല്ലാമാസങ്ങളിലും കൃത്യമായി യോഗങ്ങൾ ചേരുന്നു. പി.ടി.എ/മദർ പി.ടി.എ യോഗങ്ങൾ ഒരുമിച്ച് ചേരാറാണ് പതിവ്. ഉച്ചഭക്ഷണം, പാഠ്യേതര പ്രവർത്തനങ്ങൾ, അക്കാദമിക പ്രവർത്തനങ്ങൾ എന്നിവ കൃത്യമായി ചർച്ചചെയ്യുന്നു. വർഷത്തിൽ 6 ൽ കൂടുതൽ തവണ ജനറൽ ബോഡി വിളിച്ചു ചേർക്കാറുണ്ട്.

### 3. ക്ലബ്ബ് പ്രവർത്തനങ്ങൾ

വിഷയങ്ങളുമായി ബന്ധപ്പെട്ടതും പൊതുവായതുമായ എല്ലാ ക്ലബ്ബുകളും പ്രവർത്തിക്കുന്നു. ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവപ്പെടുത്തണം, ഓരോ ക്ലബ്ബുകളും ഓരോ മാസം ഓരോ പരിപാടികൾ എങ്കിലും ഏറ്റെടുത്ത് നടത്താൻ ശ്രദ്ധിക്കണം. മേളകളിൽ സജീവസാന്നിദ്ധ്യം ഉണ്ടാകാറുണ്ട്.

### 4. ലൈബ്രറി

ആയിരത്തിലധികം പുസ്തകങ്ങളുള്ള സ്കൂൾ ലൈബ്രറി തനതു കെട്ടിടമില്ലെങ്കിൽ പോലും സജീവമായി പ്രവർത്തിപ്പിക്കുന്നുണ്ട്. വായനക്കൂടാരം പദ്ധതി ഏറ്റവും

ആദ്യഘട്ടത്തിൽ തന്നെ പൂർത്തീകരിച്ച സ്കൂൾ ആണ് നമ്മുടേത് കുട്ടികൾക്കു വായനക്കൂടാരത്തിൽ വന്നിരുന്നു വായിക്കാനുള്ള അവസരം നൽകിവരുന്നു . എന്നിരുന്നാലും ലൈബ്രറിക്ക് ഒരു വായന മുറി ഇല്ലാത്തത് ഒരു പോരായ്മയാണ്. വരും നാളുകളിൽ ഒരു റീഡിങ് റൂം പണിയാനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ് . കുട്ടികൾ തയ്യാറാക്കുന്ന വായ നക്കുറിപ്പുകൾ, അതത് ക്ലാസിലെ പഠന ഗ്യാലറയിൽ പ്രദർശിപ്പിക്കുകയും വായന കുറിപ്പുകളുടെ പതിപ്പുകൾ തയ്യാറാക്കുകയും ചെയ്തുവരാറുണ്ട്.

5. കമ്പ്യൂട്ടർ ലാബ്

ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകി വരുന്നു. അതത് ക്ലാസ് ചുമതലയുള്ള അധ്യാകർ തന്നെയാണ് കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നത്.

6.പൊതുവിജ്ഞാനം
പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ രീതിയിൽ ചോദ്യങ്ങൾ   കുട്ടികൾക്ക് നൽകിവരുന്നു . പരീക്ഷകളും ക്വിസ് മത്സരങ്ങളും ഇതിനെ ആധാരമാക്കി നടത്താറുണ്ട്

7. ജൈവ പച്ചക്കറി കൃഷി

സ്കൂൾ പറമ്പിൽ തുടർച്ചയായി പച്ചക്കറി കൃഷി നടത്തിവരാറുണ്ട് പി.ടി.എ യുടെ സഹായത്താൽ ജൈവപച്ചക്കറി കൃഷി കുറച്ചുകൂടി വിപുലപ്പെടുത്തേണ്ട തായിട്ടുണ്ട്.

9. സ്കൂൾ അസംബ്ലി

സ്കൂൾ അസംബ്ലി എല്ലാദിവസവും നടന്നുവരുന്നു പത്ര വായന ദിനാചരണ പ്രാധാന്യം പതിപ്പ് പ്രകാശനം എന്നിവ അസംബ്ലിയിൽ നടത്താ റുണ്ട്. കുട്ടികളുടെ ജന്മദിനാഘോഷവും ഈ അവസരത്തിൽ നടത്താറുണ്ട്

10. കലാകായിക പരിശീലനം

കലാകായിക പ്രവൃത്തി പരിചയമേഖലകളിൽ കുട്ടികൾക്കാവശ്യമായ പരിശീ ലനം നൽകി സ്കൂൾതല മേളകൾ നടത്തിവരുന്നു. ഉപജില്ലാതലമേളകളിൽ കുട്ടി കളെ പങ്കെടുപ്പിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെക്കുവാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്

11. ഭക്ഷ്യമേളകൾ

കുട്ടികളുടെ ഭക്ഷണകാര്യങ്ങളിൽ ആരോഗ്യകരമായ മാറ്റം ഉണ്ടാക്കുന്നതിന് ഭനടത്താറുണ്ട്. രക്ഷാകർത്താകളുടെ സഹായസഹകരണത്തോടെ കഴിഞ്ഞ അദ്ധ്യയനവർഷത്തിൽ നടത്തിയ ഭക്ഷ്യമേളവളരെ ശ്രദ്ധേയമായിരുന്നു. ക്ഷ്യമേളകൾ

## <u>സാമൂഹ്യ പങ്കാളിത്തം - നിലവിലെ അവസ്ഥ</u>

പി.ടി.എ, മദർ പി.ടി.എ പ്രവർത്തനങ്ങൾ സജീവമാണ്. കൂടാതെ വിവിധ ക്ലബ്ബു കളും വായനശാലകളും സംഘടനകളും വിദ്യാലയപ്രവർത്തനങ്ങളുമായി സഹകരി ക്കാറുണ്ട്. . വർഷംതോറും നടന്നുവരുന്ന പഠനോത്സവവും വാർഷികാഘോഷവും നാടിന്റെ ഉത്സവമായി പ്രദേശത്തുകാർ ഏറ്റെടുക്കാറുണ്ട്. വിദ്യാലയത്തിലേക്ക് ആവശ്യമായ കാര്യങ്ങൾ ചെയ്തുതരുന്നതിൽ പൂർവ്വ വിദ്യാർത്ഥികളും സഹകരിക്കുന്നു.

പൊതു വെ വിദ്യാലയത്തോട് അനുകൂലമായ ഒരു സമീപനം സമൂഹത്തിൽ പ്രകടമാണ്.

## കുട്ടികളുടെ പഠന നിലവാരം

പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾ ഓരോ ക്ലാസിലും ഉണ്ട്. അടിസ്ഥാന ശേഷികൾ അതത് ക്ലാസുകളിൽ ഉറപ്പിക്കാൻ ശ്രദ്ധിക്കാറുണ്ട് . മികച്ച നിലവാരം പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് അതിനനുസരിച്ച പ്രവർത്തന ങ്ങൾ നൽകി പ്രോത്സാഹിപ്പിക്കാൻ ശ്രദ്ധിക്കാറുണ്ട്. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികൾക്ക് സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്

1. Strength (ശക്തി )

- ആത്മാർത്ഥതയോടെ പ്രവർത്തിക്കുന്ന അദ്ധ്യാപകർ
- അർപ്പണബോധത്തോടെയുള്ള പി.ടി.എ
- പ്രശാന്തമായ സ്കൂൾ അന്തരീക്ഷം
- മികച്ച ഉച്ചഭക്ഷണ വിതരണം
- മികച്ച സാമൂഹികബന്ധം

2. Weakness (പരിമിതികൾ)

- ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- പ്രീ പ്രൈമറിക്ക് അംഗീകാരവും ആനുകൂല്യങ്ങളും ലഭ്യമാകാത്തതിന്റെ ബുദ്ധിമുട്ടുകൾ
- സ്മാർട്ട് ക്ലാസ്സ്റൂമിന്റെ കുറവ്
- ലൈബ്രറിക്ക് ആവശ്യമായ റീഡിങ് റൂം നിർമ്മിക്കുക.

3.Opportunity(സാധ്യതകൾ)

- പൊതുസമൂഹത്തിനു കൂടി പ്രയോജനപ്പെടുത്താവുന്ന ഓഡിറ്റോറിയവും കളിസ്ഥലവും നിർമ്മിക്കാനുള്ള സ്ഥലം സ്കൂളിനുണ്ട്.
- ശാന്തമായ അന്തരീക്ഷമായതിനാൽ ഭൗതിക സാഹചര്യം കൂടി മെച്ചപ്പെടുത്തിയാൽ കൂടുതൽ കുട്ടികൾ പ്രവേശനത്തിന് താല്പര്യപ്പെടും

- കൃഷിക്ക് അനുകൂലമായ സ്ഥലം

4.Threats(ഭീഷണികൾ)

- സ്വകാര്യ ഇംഗ്ലീഷ് വിദ്യാലയങ്ങളോടുള്ള പൊതു സമൂഹത്തിന്റെ അഭിനിവേശം

അക്കാദമികം

| ഹ്രസ്വം | മധ്യം | ദീർഘം |
|---|---|---|
| ഭാഷാശേഷി വികസനം<br><br>ഗണിത ശേഷി വികസനം<br><br>ഇംഗ്ലീഷ് പരിപോഷണം<br><br>ശാസ്ത്രപരിപോഷണ പരിപാടി<br><br>വായനാ പരിപോഷണം<br><br>ദിനാചരണങ്ങൾ<br><br>പോഷകാഹാര പരിപാടി<br><br>സ്കൂൾ മാസിക<br><br>പൂന്തോട്ടം<br><br>പച്ചക്കറിത്തോട്ടം | ലൈബ്രറി ശാക്തീകരണം<br><br>കലാ കായിക പഠനം | ശാസ്ത്ര ലാബ്<br><br>നവീകരണം സ്മാർട്ട് ക്ലാസ്സ് റൂം |

## ഭൗതികം

| ഹ്രസ്വം | മധ്യം | ദീർഘം |
|---|---|---|
| കൃഷിത്തോട്ടം<br><br>ജൈവവൈവിധ്യ പാർക്ക് | ചുറ്റുമതിൽ<br><br>നവീകരണം പാർക്ക്<br><br>നവീകരണം സ്റ്റോർ മുറി<br><br>വിശ്രമം മുറി | കളിസ്ഥലം<br><br>ലൈബ്രറി റീഡിങ് റൂം<br><br>ഡൈനിങ് ഹാൾ<br><br>ഓഡിറ്റോറിയം |

# സാമൂഹികം

| ഹ്രസ്വം | മധ്യം | ദീർഘം |
|---|---|---|
| പിടിഎ ശക്തിപ്പെടുത്തൽ<br><br>എസ് എം സി കാര്യക്ഷമമാക്കൽ<br><br>പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ ശക്തിപ്പെടുത്തൽ<br><br>വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ<br>വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ | മെഡിക്കൽ ക്യാമ്പ്<br><br>പച്ചക്കറിത്തോട്ടം | നവീകരിച്ച ഭൗതിക സാഹചര്യങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തൽ |